ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഓപ്പറേഷൻ സിന്ദൂറിന് സമാനമായ വിജയമാണ് കളിക്കളത്തിൽ ഇന്ത്യ പാകിസ്ഥാനെതിരെ നേടിയതെന്ന് ഏഷ്യാകപ്പ് വിജയത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി.

**India beat Pakistan by 5 wickets to lift Asia Cup cricket trophy for record 9th time; Prime Minister Narendra Modi describes the victory as Operation Sindoor on games field.**

2) ബാഹ്യവും, ആഭ്യന്തരവുമായ, സുരക്ഷാ വെല്ലുവിളികളെ നേരിടാൻ സൈന്യം എല്ലായ്പ്പോഴും സജ്ജമായിരിക്കണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

**Defence Minister Rajnath Singh has stressed on the need for real-time preparedness to meet both internal and external security challenges.**

3) തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം സുതാര്യമായി നടത്തണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ഐകകണ്ഠേന അംഗീകരിച്ച് കേരള നിയമസഭ. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച അടിയന്തര പ്രമേയത്തിന്മേൽ സഭയിൽ ചർച്ച പുരോഗമിക്കുന്നു.

The Kerala Legislative Assembly unanimously passed a resolution expressing concerns over the proposed special intensive revision of the electoral rolls.

Discussions continue in the Assembly over the adjournment motion regarding the state's financial crisis.

4) ജിഎസ്ടി ബജറ്റ് ഉത്സവം നടപ്പാക്കിയതിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ അഭിനന്ദിച്ച് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്.

Union Minister Ashwini Vaishnaw congratulated Prime Minister Narendra Modi for the successful implementation of the GST Budget Utsav.

5) സംസ്ഥാനത്ത് നവരാത്രി ആഘോഷങ്ങളുടെ ഭാഗമായി ഇന്ന് പൂജവയ്പ്പ്. വിജയദശമി വ്യാഴാഴ്ച.

As part of Navaratri celebrations, "Pooja Vayppu" will be held across the state today. Vijayadashami on Thursday.

6) ഹൃദയാരോഗ്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം പകർന്ന് ഇന്ന് ലോക ഹൃദയ ദിനം.

To create public awareness about heart health, World Heart Day is being observed today.

&&&&&&&&&&&&&&&&&

**HEADLINE-1**

**ASIA CUP**

ഏഷ്യാ കപ്പ് ക്രിക്കറ്റ് കിരീട നേട്ടത്തിൽ ഇന്ത്യൻ ടീമിനെ അഭിനന്ദിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെയുള്ള പ്രമുഖർ. ദുബായിൽ ഇന്നലെ നടന്ന ഫൈനലിൽ പാകിസ്ഥാനെ അഞ്ച് വിക്കറ്റിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. ഭാവിയിലും ഇത്തരം വിജയങ്ങൾ ആവർത്തിക്കാൻ സാധിക്കട്ടേയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ആശംസിച്ചു. ഓപ്പറേഷൻ

സിന്ദൂറിന് സമാനമായ വിജയമാണ് കളിക്കളത്തിൽ പാകിസ്ഥാനെതിരെ ഇന്ത്യ നേടിയതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

തിലക് വർമ്മയുടെ അർദ്ധ സെഞ്ചുറിയാണ് ഇന്ത്യയെ വിജയത്തിലേക്ക് നയിച്ചത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ പാകിസ്ഥാൻ 146 റൺസിന് പുറത്താവുകയായിരുന്നു. മറുപടി ബാറ്റിങ്ങിൽ ഇന്ത്യ 19.4 ഓവറിൽ 150 റൺസ് എടുത്ത് വിജയികളായി. ഇന്ത്യയുടെ ഒൻപതാമത് ഏഷ്യാ കപ്പ് കിരീടമാണിത്.

&&&&&&&&&&&&&&&&&&

**PM-DELHI BJP OFFICE**

മുതിർന്ന ബിജെപി നേതാവും പ്രധാനമന്ത്രിയുമായ നരേന്ദ്ര മോദി ഇന്ന് ഡൽഹിയിലെ പുതിയ ബി.ജെ.പി. ഓഫീസ് ഉദ്ഘാടനം ചെയ്യും. ദീൻ ദയാൽ ഉപാധ്യായ മാർഗിലാണ് പുതിയ മന്ദിരം നിലകൊള്ളുന്നത്. പാർട്ടി ദേശീയ അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ പി നഡ്ഡ, മുതിർന്ന നേതാക്കൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും..

&&&&&&&&&&&&&&&&&&

**HEADLINE-2**

**EARLY- RAJNATH - COMMANDERS CONF**

ബാഹ്യവും, ആഭ്യന്തരവുമായ, സുരക്ഷാ വെല്ലുവിളികളെ നേരിടാൻ സൈന്യം എല്ലായ്പ്പോഴും സജ്ജമായിരിക്കണമെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് . ന്യൂഡൽഹിയിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് കമാൻഡേഴ്സ് കോൺഫറൻസിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം . കൂടുതൽ ചലനാത്മകമായ വെല്ലുവിളികളാണ് നിലവിൽ നേരിടേണ്ടിവരുന്നതെന്നും ഇലക്ട്രോണിക് സംവിധാനങ്ങൾ അവലംബിച്ചുള്ള യുദ്ധരീതികളാണ് ഇക്കാലത്തെ പ്രത്യേകതയെന്നും രാജ്യരക്ഷാമന്ത്രി പറഞ്ഞു. പ്രതിരോധ രംഗത്തെ, ഓട്ടോമേറ്റഡ് പ്രതികരണ സംവിധാനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**SEVA PARV - RAILWAYS (intro)**

*പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ, രാജ്യത്തെ റെയിൽവേ മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങളെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്. ലോകോത്തര യാത്ര നിലവാരം , മികച്ച സുരക്ഷ എന്നിവയിലൂടെ വിപ്ലവകരമായ പരിഷ്കാരങ്ങൾക്കാണ് കഴിഞ്ഞ ദശകത്തിൽ ഇന്ത്യൻ റെയിൽവേ സാക്ഷ്യം വഹിച്ചത്. 200 പുതിയ വന്ദേ ഭാരത് ട്രെയിനുകൾ, 100 അമൃത് ഭാരത് ട്രെയിനുകൾ, 50 നമോ ഭാരത് റാപ്പിഡ് റെയിൽ, 17,500 ജനറൽ നോൺ-എസി കോച്ചുകൾ എന്നിവ വരുന്ന മൂന്ന് വർഷത്തിനിടെ യാത്രക്കാർക്ക് ലഭ്യമാക്കും. കശ്മീർ മുതൽ കന്യാകുമാരി വരെ, സുഗമമായ യാത്രാസൗകര്യം പ്രദാനം ചെയ്യുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.*

*(വോയ്സ് & മ്യൂസിക്)*

**&&&&&&&&&&&&&&&&&&**

**HEADLINE-4**

**Flagging off Trains-Ashwini Vaishnaw (INTRO)**

*നവരാത്രി ആഘോഷവേളയിൽ ജിഎസ്ടി ബജ റ്റ് ഉത്സവം നടപ്പാക്കിയതിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയെ അഭിനന്ദിച്ച് റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. മൂന്ന് അമൃത് ഭാരത് എക്സ്പ്രസ് ഉൾപ്പെടെ ബിഹാറിലെ ഏഴ് പുതിയ ട്രെയിൻ സർവീസുകളുടെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. ബിഹാറിലെ റെയിൽ ഗതാഗത സൗകര്യം കൂടുതൽ മെച്ചപ്പെടുത്താൻ പുതിയ ട്രെയിൻ സർവീസുകൾ സഹായിക്കുമെന്നും മന്ത്രി പറഞ്ഞു.*

*(വോയിസ്)*

**&&&&&&&&&&&&&&&&&&**

**VOTERS LIST**

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ ഇന്ന് മുതൽ പേരു ചേർക്കാം. ഒക്ടോബർ 14 വരെയാണ് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരം. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ട വോട്ടർമാർക്കും പുതുതായി പേര് ചേർക്കുന്നവർക്കും സവിശേഷ തിരിച്ചറിയൽ നമ്പർ നൽകും. അന്തിമ വോട്ടർപട്ടിക ഒക്ടോബർ 25 ന് പ്രസിദ്ധീകരിക്കും.

പ്രവാസി വോട്ടർമാർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനുള്ള നടപടി ക്രമങ്ങളും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പുറത്തിറക്കി.
അപേക്ഷകൻ വിദേശ രാജ്യത്തിൻറെ പൗരത്വം സ്വീകരിച്ചിട്ടില്ലാത്ത ഇന്ത്യൻ പൗരനായിരിക്കണം. sec.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്.

&&&&&&&&&&&&&&&&&&

<u>ബ്രേക്ക്</u>

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## HEADLINE-3

### ASSEMBLY SIR-CM (intro)

*തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം സുതാര്യമായി നടത്തണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷനോട് ആവശ്യപ്പെടുന്ന പ്രമേയം ഐകകണ്ഠേന അംഗീകരിച്ച് കേരള നിയമസഭ. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രമേയം അവതരിപ്പിച്ചത്. SIR ലെ ചില നിബന്ധനകൾ പ്രായപൂർത്തി വോട്ടവകാശത്തെ ഹനിക്കുന്നതായി മുഖ്യമന്ത്രി പറഞ്ഞു. രേഖകളില്ലാത്തതിന്റെ പേരിൽ വോട്ടർ പട്ടികയിൽ നിന്നും ഒഴിവാക്കുന്നത്, ഭരണഘടന ഉറപ്പുനൽകുന്ന സാർവത്രിക വോട്ടവകാശത്തിന്റെ പൂർണമായ ലംഘനമാണെന്നും പ്രമേയത്തിൽ വ്യക്തമാക്കുന്നു. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന്മേൽ സഭയിൽ ചർച്ച പുരോഗമിക്കുകയാണ്.*

***കൂടുതൽ വിവരങ്ങളുമായി നിയമസഭയിൽ നിന്നും ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി....***

***(ഹോൾഡ്)***

&&&&&&&&&&&&&&&&&&

**Mohanlal**

ദാദാസാഹിബ് ഫാൽക്കേ പുരസ്കാരം നേടിയ നടൻ മോഹൻലാലിന് സംസ്ഥാന സർക്കാർ ശനിയാഴ്ച തലസ്ഥാനനഗരിയിൽ ആദരം നൽകും. സെൻട്രൽ സ്റ്റേഡിയത്തിൽ വൈകുന്നേരം അഞ്ച് മണിക്ക് നടക്കുന്ന അനുമോദന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ശ്രീ മോഹൻലാലിനെ ആദരിക്കും.

&&&&&&&&&&&&&&&&&&

**HEADLINE-5**

**MAHA SAPTAMI**

നവരാത്രിയുടെ ഏഴാം ദിവസമായ മഹാ സപ്തമി ഇന്ന്. സംസ്ഥാനത്തെ ക്ഷേത്രങ്ങളിൽ നവരാത്രിയോടനുബന്ധിച്ച് വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ഇന്ന് വൈകിട്ട് അറിവിന്റെ ദേവതയായ സരസ്വതീ ദേവിക്ക് മുന്നിൽ ഗ്രന്ഥങ്ങളും പഠനോപകരണങ്ങളും പൂജവയ്ക്കും. നാളെയാണ് ദുർഗ്ഗാഷ്ടമി. ബുധനാഴ്ച മഹാനവമിയ്ക്ക് ശേഷം വ്യാഴാഴ്ച വിജയദശമി നാളിൽ പൂജയെടുപ്പ് നടക്കും. നാളെ സംസ്ഥാനത്ത് പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്

&&&&&&&&&&&&&&&&&&

**KARUR STAMPEDE UPDATE**

കരൂരിൽ ടി വി കെ അധ്യക്ഷൻ നടൻ വിജയുടെ റാലിക്കിടെയുണ്ടായ അപകടത്തിൽ പുതിയ അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് തമിഴ്നാട് സർക്കാർ. അഡീഷണൽ എ എസ് പി പ്രേമാനന്ദനാണ് അന്വേഷണ ചുമതല. ചികിത്സയിലായിരുന്ന രണ്ട് പേർ കൂടി മരിച്ചതോടെ അപകടത്തിൽ മരണ സംഖ്യ 41 ആയി. 67 പേർ ചികിത്സയിലുണ്ട്. ഏകാംഗ ജുഡീഷ്യൽ കമ്മീഷനും ദുരന്തത്തെക്കുറിച്ച് അന്വേഷിക്കും. കേന്ദ്രമന്ത്രി

നിർമല സീതാരാമൻ ഇന്ന് അപകടസ്ഥലവും, ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നവരെയും സന്ദർശിച്ചു. കേന്ദ്രസഹമന്ത്രി എൽ. മുരുഗനും ധനമന്ത്രിക്ക് ഒപ്പമുണ്ടായിരുന്നു.

&&&&&&&&&&&&&&&&&

## HEADLINE-6

## WORLD HEART DAY

ഇന്ന് ലോക ഹൃദയ ദിനം. ഹൃദയാരോഗ്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്തുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. "ഒരു സ്പന്ദനം പോലും നഷ്ടമാക്കരുത്" എന്നതാണ് ഈ വർഷത്തെ പ്രമേയം . ഹൃദയ ദിനത്തോട് അനുബന്ധിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് ഇന്ന് ഹൃദയപൂർവ്വം എന്ന പേരിൽ സിപിആർ പരിശീലന ബോധവത്ക്കരണ യജ്ഞത്തിന് തുടക്കം കുറിക്കുകയാണ്. ഹൃദയാഘാതം ഉണ്ടാകുന്ന രോഗിക്ക് ആശുപത്രിയിലെത്തിക്കുന്നതിന് മുൻപ് നൽകുന്ന ശാസ്ത്രീയമായ പ്രഥമ ശുശ്രൂഷാ പരിശീലനം എല്ലാവർക്കും ലഭ്യമാക്കുകയാണ് സംസ്ഥാന വ്യാപകമായി നടക്കുന്ന പരിപാടിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&

## MILK PRODUCTION

ക്ഷീരോത്പാദനത്തിൽ നിർണായക വളർച്ച കൈവരിച്ച് ഇന്ത്യ. 2014-15 കാലയളവിൽ 146 ദശലക്ഷം ടൺ ആയിരുന്ന ഉത്പാദനം 2023-24 ൽ 239 ദശലക്ഷം ടൺ ആയി ഉയർന്നു. ക്ഷീരോത്പാദനത്തിൽ ആഗോളതലത്തിൽ ഒന്നാം സ്ഥാനത്താണ് ഇന്ത്യ. ആളോഹരി പാൽ ലഭ്യതയിലും കഴിഞ്ഞ ദശാബ്ദത്തിൽ രാജ്യം വലിയ രീതിയിലുള്ള വളർച്ച കൈവരിച്ചു. മുൻ വർഷത്തെ കണക്കുകൾ പ്രകാരം പ്രതിദിനം 417 ഗ്രാമാണ് രാജ്യത്തെ ആളോഹരി പാൽ ലഭ്യത.

&&&&&&&&&&&&&&&&&

## ISRAEL-LEBANON

ഇസ്രായേൽ യുദ്ധവിമാനങ്ങൾ ഇന്നലെ തെക്കൻ ലെബനനിലെ ഹിസ്ബുള്ള കേന്ദ്രങ്ങൾ  ലക്ഷ്യമാക്കി ആക്രമണം നടത്തിയതായി റിപ്പോർട്ട്. കഴിഞ്ഞ  സെപ്റ്റംബറിൽ ഹിസ്ബുള്ളയും ഇസ്രായേലും തമ്മിൽ വെടിനിർത്തൽ ധാരണയിലെത്തിയ ശേഷമുണ്ടായ ആദ്യ കരാർ ലംഘനമാണിത്.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&&

&&&&&&&